# അക്കാദമിക

# മാസ്റ്റർപ്ലാൻ

# 2025

# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025

GWLPS വേങ്ങറ
തൊടിയൂർ നോർത്ത്. PO
തൊടിയൂർ
കരുനാഗപ്പള്ളി

ANEESA. A
HEADMISTRESS
PEN: 511244
GWLPS Vengara, Thodiyoor

GWLPS VENGARA
THODIYOOR

# ആമുഖം

ഒരു നാടിന്റെ ആശയും ആവേശവുമായി 1956 ൽ ആരംഭിച്ച GWLPS വേങ്ങറ ഇന്നും അതിന്റെ ജൈത്രയാത്ര തുടരുന്നു. കൊല്ലംജില്ല-യിൽ കരുനാഗപ്പള്ളി താലൂക്കിൽ തൊടിയൂർ പഞ്ചായത്തിൽ 12-ാം വാർഡിൽ കുറച്ച് കുട്ടികളുമായി ആരംഭിച്ച ഈ വിദ്യാലയത്തിൽ ഇപ്പോൾ 64 കുട്ടികളാണുള്ളത്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാട്ടുകാരെ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി പ്രീ-പ്രൈമറി ക്ലാസുകൾ പരിമിതമായ സ്ഥലത്ത് നടത്തുവാനും അതിലൂടെ കുട്ടികളെ ആകർഷിക്കുവാനും കഴിഞ്ഞിരിക്കുന്നു. ഈ സ്കൂൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്ഥലപരിമിതിയാണ്. വിദ്യാലയ-വികസനസമിതി പ്രാവർത്തികമാകുമ്പോൾ എല്ലാ തടസ്സങ്ങളും നീങ്ങി ഒരു മാതൃകാ വിദ്യാലയമായി മാറാൻ GWLPS വേങ്ങറയ്ക്ക് കഴിയുമെന്ന് പ്രതീക്ഷിക്കാം. പരിമിതമായ സാഹചര്യങ്ങളിലും വിവിധ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച വിജയം നേടാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. 2024-25 അധ്യയനവർഷത്തെ LSS പരീക്ഷയിൽ 5 കുട്ടികൾ പരീക്ഷ എഴുതിയതിൽ 3 കുട്ടികൾക്ക് സ്കോളർഷിപ്പ് നേടാൻ കഴിഞ്ഞു.

# സ്കൂൾ ചരിത്രം

തൊടിയൂരിന്റെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വിദ്യാലയമാണ് GWLPS വേങ്ങറ.

69-70 വർഷത്തിലേക്ക് കടക്കുന്ന ഈ വിദ്യാലയം 1956 ലാണ് സ്ഥാപിതമായത്. നിരവധി പേരുകൾക്ക് അക്ഷരത്തിന്റെ ആദ്യ വെളിച്ചം പകർന്നു നൽകിയ ഈ വിദ്യാലയം ഇന്ന് കുട്ടികളുടെ എണ്ണം കുറയുന്നത് കൊണ്ട് അനാഥകയിലാണ്. അൺ എയിഡഡ് സ്കൂളുകളുടെ വരവും, വീടുകളിൽ കുട്ടികളുടെ കുറവും ഒക്കെ സ്കൂളിൽ കുട്ടികൾ കുറയാൻ ഇടയാക്കി. ഇപ്പോൾ മലയാളം/ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ നടന്നുവരുന്നു.

തൊടിയൂർ പഞ്ചായത്തിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഈ സ്കൂളിന് സ്വന്തമായി 15 സെന്റിൽ താഴെ മാത്രം സ്ഥലമേ ഉള്ളൂ. 1970 ൽ പുതുക്കിപ്പണിത ഒരു സ്ഥിരം കെട്ടിടത്തിലാണ് അധ്യയനം നടക്കുന്നത്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : GWLPS വേങ്ങറ |
| വിലാസം. | : തൊടിയൂർ North (P.O)<br>തൊടിയൂർ, കരുനാഗപ്പള്ളി<br>PIN : 690523. |
| ഫോൺ | : |
| സ്കൂൾ കോഡ് | : 41220 |
| വിദ്യാഭ്യാസ ഉപജില്ല | : കരുനാഗപ്പള്ളി |
| വിദ്യാഭ്യാസജില്ല | : കൊല്ലം. |
| റവന്യൂജില്ല | : കൊല്ലം. |
| ബി.ആർ.സി | : കരുനാഗപ്പള്ളി |
| സി.ആർ.സി | : തൊടിയൂർ GLPS |
| ഗ്രാമപഞ്ചായത്ത് | : തൊടിയൂർ. |
| ബ്ലോക്ക് പഞ്ചായത്ത് | : ഓച്ചിറ |
| ജില്ലാ പഞ്ചായത്ത് | : കൊല്ലം. |
| നിയമസഭാ മണ്ഡലം | : കരുനാഗപ്പള്ളി |
| ലോക്സഭാ മണ്ഡലം | : ആലപ്പുഴ. |
| വില്ലേജ് | : തൊടിയൂർ |
| ഇ.മെയിൽ | : gwlps vengara@gmail.com |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും
5. ആധുനിക സങ്കേതിക വിദ്യാസാധ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി രക്ഷിതാക്കളെ അറിയിക്കും. ഇതിനായി വ്യക്തിഗത PTA ചേരും
7. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക്ഷീറ്റ് ലഭ്യമാക്കും
8. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും
9. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും

10. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക

11. ഹരിതപെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

12. ഹരിതസേന രൂപീകരിക്കൽ

13 കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥിസംഘങ്ങൾ രൂപീകരിക്കൽ

14 വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി സ്കൂളിൽ നടപ്പിലാക്കുക.

* ജൂൺ മാസത്തിലെ ആദ്യ രണ്ടാഴ്ച വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം ക്ലാസ് നടത്തുക.

* സുരക്ഷാബോധവൽക്കരണ ക്ലാസ് നടത്തുക.

* ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുക.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോട് കൂടിയ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക
4. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

## ഐ. സി. ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപ്രദമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. കലാഭിരുചി വളർത്തുക
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസനത്തിന് അവസരമൊരുക്കുക
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിന്റെ ഭാഗമാക്കുക
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യശീലങ്ങൾ വളർത്തുക
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

1. പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുന്നു.
2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
3. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കു പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
4. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
5. പരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്കു കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

പദ്ധതി രൂപീകരണ പ്രക്രിയ - വിവിധഘട്ടങ്ങൾ.

1. SRG യോഗത്തിൽ സ്കൂൾ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട്രൂപരേഖ തയ്യാറാക്കൽ.

3. കരട്രൂപരേഖ, SRG, SMC, MPTA ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ.

# നിലവിലെ അവസ്ഥാ വിശകലനം

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം.

| വിഭാഗം | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 5 | 6 | 9 | 10 | 8 | 10 | 8 | 10 | 30 | 36 |
| ആകെ | 5 | 6 | 9 | 10 | 8 | 10 | 8 | 10 | 30 | 36 |

## അധ്യാപകരുടെ എണ്ണം

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ |
|---|---|---|
| LP വിഭാഗം | 4 | 4 |

ആകെ ആൺ കുട്ടികൾ 29 + (6th working Day) + 1 = 30

ആകെ പെൺ കുട്ടികൾ = 36

ആകെ കുട്ടികൾ = 30 + 36 = 66.

# വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനിവേണ്ടത് |
|---|---|---|
| ക്ലാസ്മുറി | 5 | 1 |
| പ്രധാന അധ്യാപക മുറി | 1 | – |
| കമ്പ്യൂട്ടർ മുറി | ഇല്ല | 1 |
| അടുക്കള | ഉണ്ട് | |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 1 യൂണിറ്റ് | 1 |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | ഉണ്ട് | 1 |
| കുടിവെള്ള സൗകര്യം | ഉണ്ട് | |
| ചുറ്റുമതിൽ | ഉണ്ട് | |
| കളിസ്ഥലം | ഇല്ല | |
| റാമ്പ് വിത്ത് ഹാന്റ് റെയിൽ | ഉണ്ട് | – |
| കമ്പ്യൂട്ടർ | – | 5 |
| ലാപ്ടോപ്പ് | 4 | 2 |
| പ്രൊജക്ടർ LCD | 3 | 2 |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| ഇ-മെയിൽ ഐ.ഡി | gwlps vengara @ gmail.com | |
| സ്മാർട്ട് ക്ലാസ് റൂം. | ഇല്ല | 5 |

## പഠനസൗകര്യങ്ങൾ - നിലവിലെ അവസ്ഥ.

വിദ്യാലയം തുറക്കുന്ന ദിവസം പ്രവേശനോത്സവത്തോടെ നവാഗതരെ സമ്മാനങ്ങൾ നൽകി സ്വീകരിക്കുന്നു. എല്ലാ കുട്ടികൾക്കും സൗജന്യമായ പാഠപുസ്തകങ്ങൾ ജൂൺ മാസത്തിൽ തന്നെ നൽകുന്നു. അവധിക്കാലത്തു തന്നെ അധ്യാപകർക്ക് പരിശീലനം ലഭിക്കുന്നതിനാൽ ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയുന്നു. എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നു. എല്ലാ വിഭാഗത്തിൽ പെട്ട കുട്ടികളെയും ഒരുപോലെ കണ്ട് വിദ്യാഭ്യാസം നൽകി വരുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കും തുല്യപങ്കാളിത്തം ഉറപ്പുവരുത്തുന്നു. പഠനവൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകി മുഖ്യധാരയിൽ എത്തിക്കുന്നു.

### പരിമിതികൾ.

* അംഗീകാരമില്ലാത്ത പ്രീ-പ്രൈമറി
* ലൈബ്രറി, ലാബ് എന്നിവക്ക് പ്രത്യേക മുറി ഇല്ല, കളിസ്ഥലമില്ല.
* കായിക ഉപകരണങ്ങളുടെ കുറവ്.
* വാഹനസൗകര്യങ്ങളുടെ അപര്യാപ്തത.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

| അക്കാദമികം | ഭൗതികം | സാമൂഹികം. |
| --- | --- | --- |
| ഭാഷാശേഷി വികസനം.<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് പഠനപരിപോഷണം<br>ശാസ്ത്ര പോഷണ പരിപാടി<br>വായനാ പരിപോഷണം<br>ലബോറട്ടറി നവീകരണം<br>ജൈവവൈവിധ്യപാർക്ക്<br>പഠനയാത്രകൾ<br>കലാ-കായിക മേളകൾ<br>ഐ.ടി. പരിശീലനം<br>അധ്യാപക ശാക്തീകരണ പരിപാടികൾ<br>ക്ലാസ് PTA സജീവമാക്കൽ<br>പ്രവൃത്തി പരിചയ പഠനം<br>പച്ചക്കറിത്തോട്ടം വിപുലമാക്കൽ<br>രചനാ ശില്പശാല<br>മെഡിക്കൽ ക്യാമ്പ്<br>പോഷകാഹാര പരിപാടി<br>പാവനാടക പരിശീലനം<br>ഒറിഗാമി ശില്പശാല<br>ഗണിത ലാബ്<br>ദിനാചരണം<br>കാർഷിക പഠനം. | കളിസ്ഥലം<br>ക്ലാസ് മുറികൾ<br>ഡൈനിംഗ് ഹാൾ<br>ശുദ്ധജല സംഭരണി<br>ലബോറട്ടറി. | PTA ശക്തിപ്പെടുത്തൽ<br>പൂർവ്വ വിദ്യാർത്ഥിസംഘടനകളുടെ പ്രവർത്തനം.<br>ഗ്രന്ഥശാലകൾ<br>ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ സഹകരണസ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ. |

## പദ്ധതിവിശദാംശങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും വിവിധ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള ശേഷി വികസിപ്പിക്കൽ | Pre-test നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യ ആഴ്ച | ഭാഷാധ്യാപകർ |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ ശേഖരിക്കൽ | രണ്ടാമത്തെ ആഴ്ച. | |
| | വായനാ സാമഗ്രികൾ ഒരുക്കൽ | | ക്ലാസ് അധ്യാപകർ. |
| | സർഗചുവർ സർഗാത്മക സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു. | ജൂലൈ മുതൽ | SRG |
| | സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ | വിശേഷ ദിവസങ്ങൾ | വിദ്യാരംഗം കലാസാഹിത്യ വേദി, SRG. |
| | മാസിക തയ്യാറാക്കൽ | ഡിസംബർ ജനുവരി | SMC SRG |

മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും | Pre-test നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യ ആഴ്ച | | English Tr SRG |
| എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ, നൽകൽ | ജൂൺ മൂന്നാം ആഴ്ച. | | English Tr. |
| | ഇംഗ്ലീഷ് അസംബ്ലി | | | |
| | ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി വായനാ സാമഗ്രികൾ പത്രം. | | | |
| | ഇംഗ്ലീഷ് സംഭാഷണം ബാലസഭയിൽ | | | |
| | പാഠവുമായി ബന്ധപ്പെട്ട സ്കിറ്റ് അവതരണം | | | |
| | Spoken English class<br>വാർത്ത കേൾക്കൽ. | | | |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും എല്ലാ ക്ലാസ് മുറിയിലും ശാസ്ത്രമൂല ഒരുക്കൽ പരീക്ഷണങ്ങൾ ചെയ്യൽ. | ശാസ്ത്രമൂലയിലെ വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കൽ | | |
| | സാമഗ്രി വാങ്ങൽ ശാസ്ത്രമൂലയുടെ ക്രോഡീകരണം | ജൂലൈ | PTA |
| | ലാബ് സജ്ജമാക്കൽ | ജൂലൈ | PTA SRG |
| | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ലഭ്യമാക്കൽ | ജൂൺ മുതൽ | SRG. Class Tr |
| | പഠനയാത്ര | ഒക്ടോബർ | PTA |
| | ശാസ്ത്രമാജിക് | ഡിസംബർ | SRG, SMC |
| | ഉപകരണ നിർമ്മാണ ശില്പശാല | ജനുവരി | SRG, SMC |
| | ശാസ്ത്ര ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | Class Teacher |

മേഖല : അക്കാദമികം. ഉപമേഖല : ഗണിതം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ഗണിതകേളികളിൽ ഉൾപ്പെടുത്തൽ, ഗണിത കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ | ഗണിത ക്ലബ്ബ് | PTA |
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | ലാബ് സജ്ജീകരിക്കൽ | ജൂൺ മാസത്തോടെ | SRG ഗണിത ക്ലബ്. | |
| രസകരമായ ഗണിതപഠനവും മനോചലനശേഷിയുടെ വികാസവും. | ഒറിഗാമി പരിശീലനം പ്രദർശനം | വർഷത്തിൽ ഒരിക്കൽ | SRG Work experience. | |
| | മാഗസിൻ തയ്യാറാക്കൽ | ജനുവരി | SMC | |

മേഖല: അക്കാദമികം ഉപമേഖല: കലാവിദ്യാഭ്യാസം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾ പരിപോഷിപ്പിക്കാം. | നൃത്തം, സംഗീതം, പ്രവൃത്തിദിവസങ്ങളിൽ പരിശീലനം- ചിത്രരചന, | ജൂൺ മുതൽ | PTA | പൂർവവിദ്യാർത്ഥികൾ |

മേഖല: അക്കാദമികം

ഉപമേഖല : കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | കായികപരിശീലനം നൽകൽ<br>ബാഡ്മിന്റൺ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | കായികാധ്യാപകൻ<br>PTA | Sponsorship. |

മേഖല : അക്കാദമികം

ഉപമേഖല : പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | ഏകദിന പ്രവൃത്തി പരിചയ ശില്പശാലകൾ നടത്തുന്നു | വർഷത്തിൽ ഒന്ന് | SMC<br>SRG | 2000/- |

മേഖല : അക്കാദമികം

ഉപമേഖല : പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | ആകർഷകമായ വിധത്തിൽ പച്ചക്കറി ത്തോട്ടം ഉണ്ടാക്കൽ | ജൂൺ മുതൽ | SRG | 5000/-<br>കൃഷിവകുപ്പ് |

മേഖല: ഭൗതികം

ഉപമേഖല: ഡൈനിംഗ് ഹാൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ ആരോഗ്യ പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ട് വർഷം | PTA | 5 ലക്ഷം MLA ഫണ്ട് |

മേഖല: ഭൗതികം

ഉപമേഖല: പ്രീപ്രൈമറി, ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ രീതിയിൽ Preprimary മുറികളും ലാബ് സജ്ജീകരണവും നിർമ്മിക്കൽ | 5 വർഷം | PTA പഞ്ചായത്ത് | 10 ലക്ഷം MLA fund |

മേഖല: ഭൗതികം

ഉപമേഖല: മൈതാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | സ്ഥലം വാങ്ങൽ വിവിധതരം കളികളും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങൾ ഒരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | 2 വർഷം | PTA പഞ്ചായത്ത് | 60 ലക്ഷം പഞ്ചായത്ത് |

മേഖല: ഭൗതികം

ഉപമേഖല: സ്കൂൾ കിറ്റ്, പണിയായുധങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കൃഷി, അടുക്കളപ്പണി എന്നിവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം പച്ചക്കറി കൃഷി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ലഭ്യമാക്കൽ, അവ ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | PTA | 10000/- PTA |

മേഖല: സാമൂഹികം

ഉപമേഖല: പൂർവ്വ അധ്യാപക വിദ്യാർത്ഥിസംഗമങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വ അധ്യാപകരെയും വിവിധ ബാച്ചുകളിലെ പൂർവ്വ വിദ്യാർത്ഥികളെയും വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ<br>വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ<br>ഫണ്ട് സമാഹരിക്കൽ | 2 വർഷത്തിൽ ഒരിക്കൽ | SMC PTA SRG | 5000/- SMC |

മേഖല: സാമൂഹികം

ഉപമേഖല: അങ്കണവാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ നവാഗതരെ വിദ്യാലയത്തിലേക്ക് ആകർഷിക്കൽ | വിദ്യാലയപരിസരത്തിലുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലാപരിപാടികൾ സംഘടിപ്പിക്കൽ | വർഷം ഒന്ന് | SMC | 10000/- |

മേഖല: സാമൂഹികം

ഉപമേഖല: പ്രാദേശിക PTA

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് PTA ചേരുന്നു | വർഷത്തിൽ ഒന്ന് | SRG | |

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, വായനതാല്പര്യമുള്ളവർ എന്നിവർക്ക് വായിക്കുവാൻ നൽകൽ | അവശ്യാനുസരണം | HM | |

ഉപമേഖല: പഠനക്കൂട്ടങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികവുകളുടെ അവതരണം<br>പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്ക് വേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ് നടത്തലും. | ഓരോ ടേമിലും ഒന്നു വീതം | SRG | |

മേഖല: സാമൂഹികം

ഉപമേഖല: PTA, MPTA, കുട്ടികൾ സർഗോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അധ്യാപക-രക്ഷാകർതൃ ബന്ധം ശക്തമാക്കുക | PTA, MPTA, സംയുക്തമായി ചേർന്ന് കുട്ടികളോടൊപ്പം പരിപാടി അവതരിപ്പിക്കൽ | വർഷത്തിൽ ഒന്ന് | PTA<br>MPTA<br>SRG | |

മേഖല : സാമൂഹികം    ഉപമേഖല: വൃദ്ധസദന സന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും ഇതര ജീവനക്കാരും കുട്ടികളും SMC, MPTA ചേർന്ന് വൃദ്ധസദനം സന്ദർശിച്ച് ഭക്ഷണവും വസ്ത്രവും നൽകുന്നു. | വർഷത്തിൽ ഒരിക്കൽ | SRG |
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | കാർഷിക സംസ്കാരം അറിയുന്നതിന് വേണ്ടി കർഷകരെ ആദരിക്കുന്നു. കൃഷിയിടം സന്ദർശിക്കുന്നു. | | SRG |

## പ്രതീക്ഷിത നേട്ടങ്ങൾ

1. ശിശുസൗഹൃദ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
2. നമ്മൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കുന്നു.
3. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
4. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
5. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾ തടയുവാൻ കഴിയുന്നു.
6. എല്ലാ കുട്ടികൾക്കും ഭാഷ (ഇംഗ്ലീഷ്, മലയാളം) നന്നായി കൈകാര്യം ചെയ്യാൻ കഴിയുന്നു.
7. ശാസ്ത്രത്തിൽ താൽപ്പര്യം വർദ്ധിക്കുന്നു.
8. കുട്ടികളിലെ നിരീക്ഷണ പാടവവും നിഗമന രൂപീകരണവും വർദ്ധിക്കുന്നു.
9. ഗണിതം ലളിതമാകുന്നു.
10. പ്രശ്നാപഗ്രഥനം, പ്രശ്നനിർദ്ധാരണം എന്നിവയിൽ ഉയർന്ന നിലവാരത്തിൽ എത്തുന്നു.
11. വായനശീലം വളരുന്നു.
12. കൃഷിയെ ഒരു ജീവിത സംസ്കാരമായി കാണുന്നു.
13. പ്ലാസ്റ്റിക് വിമുക്തവും വൃത്തിയുള്ളതുമായ വിദ്യാലയം.
14. കലാ-കായിക പ്രവൃത്തിപരിചയ മേളയിൽ കുട്ടികൾക്ക് ഉജ്ജ്വല വിജയം.

മോണിട്ടറിംഗ് രീതി

1. ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സംവിധാനം മുതൽ ശക്തമാക്കുന്നു.
2. സോഷ്യൽ മോണിട്ടറിംഗ് രീതി (SMC SRG MPTA) നടപ്പിലാക്കുന്നു.
3 ദൈനംദിന മോണിട്ടറിങ് HM SRG കൺവീനർ, SMC ചെയർമാൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

## ഉപസംഹാരം

കാലാനുസൃതവും പുരോഗമനപരവുമായ ചിന്തകളുടെയും പ്രവർത്തനങ്ങളുടെയും ഫലമായി കുട്ടികൾക്കിണങ്ങുന്ന വിദ്യാലയ അന്തരീക്ഷമായിരിക്കും GWLPS വേങ്ങര. അധ്യാപകരുടെ അർപ്പണബോധത്തിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നൽകുന്ന മികച്ച വിദ്യാലയമായിരിക്കും GWLPS വേങ്ങര.

**ANEESA. A**
**HEADMISTRESS**
**PEN: 511244**
**GWLPS Vengara, Thodiyoor**